# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3127 — 15.02.2013 ൽ - മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ ലഭ്യത മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പാലോട് രവി<br>,, വി. പി. സജീന്ദ്രൻ<br>,, എം. പി. വിൻസെന്റ്<br>,, വി. റ്റി. ബൽറാം | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ ലഭ്യത ഉപഭോക്താവിന് മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന സംവിധാനം അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;<br><br>(ബി) റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുവാൻ പ്രസ്തുത സംവിധാനം എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിടുന്നത് ;<br><br>(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത സംവിധാനം വഴി ഉപഭോക്താവിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (എ), (ബി) & (സി) | റേഷൻ സാധനങ്ങളുടെ ലഭ്യത ഉപഭോക്താവിന് മൊബൈൽ ഫോണിലൂടെ ഉറപ്പാക്കാൻ കഴിയുന്ന FMPDS (Food Grains Movement for Effective Public Distribution System) പദ്ധതി സംസ്ഥാനതലത്തിൽ 2012 ഡിസംബർ 14 മുതൽ നടപ്പാക്കി. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ് പോർട്ടലിൽ (www.civilsupplieskerala.gov.in)രജിസ്റ്റർ ചെയ്യുന്ന ഏതൊരു പൗരനും ഈ പദ്ധതിയുടെ സേവനം സൗജന്യമായി ലഭ്യമാകുന്നതുമാണ്. റേഷൻ വ്യാപാരി ഭക്ഷ്യധാന്യം സ്വീകരിക്കുന്ന സന്ദർഭത്തിൽ തന്നെ കേന്ദ്രീകൃത സംവിധാനം ഉപയോഗിച്ച് ഭക്ഷ്യ ധാന്യങ്ങളുടെ ഇനം/അളവ്, ചില്ലറ/മൊത്ത വ്യാപാരിയുടെ നമ്പർ, ഭക്ഷ്യ ധാന്യങ്ങൾ വിട്ടെടുക്കുന്ന തീയതി/സമയം, ട്രക്ക് നമ്പർ എന്നിവ എസ്.എം.എസ്. ആയി ലഭിക്കുന്നതിനുള്ള സംവിധാനമാണ് ഉദ്ദേശിക്കുന്നത്. റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ഈ സംവിധാനം പ്രയോജനപ്പെടുത്തുവാൻ സഹായകമാകും. |
| (ഡി) വിവരങ്ങൾ കൃത്യമായി ഉപഭോക്താവിനെ അറിയിക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട് എന്നറിയിക്കുമോ? | (ഡി) | വിവരങ്ങൾ കൃത്യതയോടെ ഉപഭോക്താവിൽ എത്തിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ വകുപ്പ് തലത്തിൽ സ്വീകരിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ